# വിശ്വാസപരിശീലനം

**"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്ക 2:52).**

വചനം മാംസമായി നമ്മുടെ ഇടയിൽ വസിച്ചു. അവന്റെ മഹത്വം നമ്മൾ ദർശിച്ചു (യോഹ 1:14). ദൈവത്തിന്റെ സ്നേഹം മനുഷ്യരൂപം പൂണ്ട് നമ്മോടൊപ്പമായിത്തീർന്ന മഹാസംഭവത്തിന്റെ-തിരുപ്പിറവിയുടെ ഓർമ്മകളുണർത്തികൊണ്ട് ഒരിക്കൽകൂടി മംഗളവാർത്തക്കാലം ആഗതമായിരിക്കുന്നു. നക്ഷത്രദീപങ്ങൾ തെളിച്ചും പുൽക്കൂടൊരുക്കിയും ക്രിസ്തുമസ് ആഘോഷത്തിനായി ബാഹ്യമായി ഒരുങ്ങുന്നതിനുമുമ്പേ സുകൃതങ്ങൾ അനുഷ്ഠിച്ചും കൊച്ചുകൊച്ചു ത്യാഗപ്രവൃത്തികൾ ചെയ്തും നമ്മുടെ ഹൃദയത്തിൽ ഉണ്ണീശോയ്ക്ക് ഒരു പുൽക്കൂട് ഒരുക്കാം.

## 1. മതാധ്യാപകദിനാഘോഷങ്ങൾ

വിശ്വാസപരിശീലകരുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുന്നാൾദിനത്തിൽ വിശ്വാസപരിശീലകരെ ആദരിക്കുകയും സമ്മാനങ്ങൾ നല്കുകയും ചെയ്ത ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും വിശ്വാസപരിശീലന കേന്ദ്രത്തിന്റെ നന്ദി. അതിരൂപതാതലത്തിലുള്ള മതാധ്യാപകദിനാഘോഷങ്ങൾ ചരൾ, പാത്തൻപാറ എന്നീ ഇടവകകളിൽ വച്ചു നടത്തി.

## 2. ക്രിസ്തുമസ് പരീക്ഷ ഡിസംബർ 6

ഈ വർഷത്തെ ക്രിസ്തുമസ് പരീക്ഷ ഡിസംബർ 6 ഞായറാഴ്ച ഉച്ച കഴിഞ്ഞ് 3 മണി മുതൽ 4 മണി വരെയായിരിക്കും. 6 മുതൽ 10 വരെയുള്ള അദ്ധ്യായങ്ങളെ ആസ്പദമാക്കിയുള്ള ചോദ്യങ്ങളായിരിക്കും പരീക്ഷയ്ക്ക് ഉണ്ടാവുക.

### A. നിർദ്ദേശങ്ങൾ

a) ഒന്ന് മുതൽ മൂന്നുവരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 6 മുതൽ 10 വരെയുള്ള അദ്ധ്യായങ്ങളെ ആസ്പദമാക്കി വിശ്വാസപരിശീലന കേന്ദ്രം തയ്യാറാക്കി നൽകിയ ഒറ്റ വാക്കിൽ ഉത്തരമെഴുതാനുള്ള 50 ചോദ്യങ്ങളിൽ നിന്നും 25 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതാണ്.

b) നാലു മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് 6 മുതൽ 10 വരെയുള്ള അദ്ധ്യായങ്ങളെ ആസ്പദമാക്കി വിശ്വാസപരിശീലന കേന്ദ്രം

തയ്യാറാക്കി നൽകിയ ഒറ്റവാക്കിൽ ഉത്തരമെഴുതാനുള്ള 100 ചോദ്യങ്ങളിൽ നിന്നും 45 ചോദ്യങ്ങൾ പരീക്ഷയ്ക്ക് ചോദിക്കുന്നതാണ്.

c) വിശ്വാസപരിശീലന കേന്ദ്രം സംപ്രേഷണം ചെയ്ത വി. കുർബാനയെക്കുറിച്ചുള്ള പഠനപരമ്പര "വിശുദ്ധ കുർബാനയാകുന്ന വിസ്മയം" (എപ്പിസോഡ് 1) എന്ന ക്ലാസ്സിൽ നിന്നും ക്രിസ്തുമസ്സ് പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉണ്ടായിരിക്കും (ക്ലാസ്സ് IV-XII).

d) പരീക്ഷ 100 മാർക്കിൽ ആയിരിക്കും. ലഭിച്ച മാർക്കിന്റെ 70 ശതമാനം ആണ് പ്രോഗസ്സ് കാർഡിൽ ചേർക്കേണ്ടത്. 30 മാർക്ക് അഭ്യന്തരമൂല്യനിർണ്ണയമായിരിക്കും.

## B. അഭ്യന്തര മൂല്യനിർണ്ണയം (Internal Assessment)

i. ദൈവാലയത്തിലോ, ഓൺലൈനിലൂടെയോ ഉള്ള ബലിയർപ്പണത്തിലും ആത്മീയ ദിവ്യകാരുണ്യ സ്വീകരണത്തിലും കുട്ടിയുടെ ഭാഗഭാഗിത്വം (7 മാർക്ക്).

ii. ഓൺലൈൻ (രക്ഷയുടെ പാതയിൽ) വിശ്വാസപരിശീലന ക്ലാസ്സുകളിൽ കുട്ടിയുടെ സാന്നിധ്യം (8 മാർക്ക്).

iii. ക്ലാസ്സ് ടീച്ചർ നല്കുന്ന ഗൃഹപാഠങ്ങൾ, ബൈബിൾ വായന കുടുംബപ്രാർത്ഥന മുതലായവയ്ക്ക് കുട്ടിയുടെ ഭാഗഭാഗിത്വം (5 മാർക്ക്).

iv. ഇടവകാതലത്തിൽ നടത്തിയ ലോഗോസ് ബൈബിൾ ക്വിസ്സ്, ബൈബിൾ സംബന്ധമായ മത്സരങ്ങൾ, രൂപതയിലെ വിവിധ സംഘടനകളിൽ നിന്നോ, ഇടവകാതലത്തിൽ നിന്നോ നടത്തിയ ഓൺലൈൻ പ്രോഗ്രാമുകളിലെ കുട്ടിയുടെ ഭാഗഭാഗിത്വം (5 മാർക്ക്).

v. വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കിയ വിവിധസെമിനാറുകളിൽ കുട്ടികളുടെ ഭാഗഭാഗിത്വം.

NB. അഭ്യന്തര മൂല്യനിർണ്ണയത്തിന്റെ (Internal Assessment) 30 മാർക്ക് നല്കേണ്ടത് കുട്ടിയുടെ മാതാപിതാക്കളോടുംകൂടി ആലോചിച്ച് ആയിരിക്കണം. **ആവശ്യമെങ്കിൽ ഇടവകാതലത്തിൽ മറ്റു മാനദണ്ഡങ്ങളും നിശ്ചയിക്കാവുന്നതാണ്.**

## C. പരീക്ഷാ സംബന്ധമായ നിർദ്ദേശങ്ങൾ

i. ഡിസംബർ 6 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 4 മണിവരെയായിരിക്കും പരീക്ഷ.

ii. ചോദ്യപേപ്പർ ഉച്ചയ്ക്ക് 2 മണിക്ക് പ്രധാനാധ്യാപകരുടെ വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ ഇടുന്നതാണ്. ചോദ്യപേപ്പർ വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കുന്നതായിരിക്കും.

iii. കൃത്യം 3 മണിക്ക് ആയിരിക്കും പരീക്ഷ ആരംഭിക്കേണ്ടത്. മൂന്ന് മണിക്ക് മുൻപായി ചോദ്യങ്ങൾ കുട്ടികൾക്ക് നല്കാനോ പരീക്ഷ നേരത്തെ നടത്താനോ പാടില്ല.

iv. കുട്ടികൾ ഉത്തരങ്ങൾ എഴുതി ഉത്തരക്കടലാസിന്റെ ഫോട്ടോ എടുത്ത് 4.15നു മുൻപായി ക്ലാസ്സാധ്യാപകന്റെ പേഴ്സണൽ വാട്സ്ആപ്പ് നമ്പറിലേയ്ക്ക് അയയ്ക്കേണ്ടതാണ്. ഉത്തരങ്ങൾ ക്ലാസ്സിന്റെ ഗ്രൂപ്പിൽ ഇടാൻ പാടില്ല.

v. പരീക്ഷയുടെ സൂപ്പർവൈസർ മാതാപിതാക്കൾ ആയിരിക്കും. മാതാപിതാക്കൾക്ക് വേണ്ടതായ നിർദ്ദേശങ്ങൾ നല്കണം.

vi. ഒന്നാം ക്ലാസ്സിലെ കുട്ടികൾക്ക് വാചികപരീക്ഷ (Oral Exam) ആയിരിക്കും. വിശ്വാസപരിശീലനകേന്ദ്രം തയ്യാറാക്കി നല്കുന്ന ചോദ്യങ്ങൾ മാതാപിതാക്കൾ കുട്ടികളോട് ചോദിക്കുക. മാർക്ക് അധ്യാപകരെ അറിയിക്കുക.

vii. രണ്ട്, മൂന്ന് ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് എഴുത്തുപരീക്ഷയായിരിക്കും. എഴുതുവാൻ ബുദ്ധിമുട്ടുള്ള കുട്ടികൾക്ക് മാതാപിതാക്കളുടെ സഹായത്തോടെ വാചിക പരീക്ഷ (Oral Exam) നടത്താവുന്നതാണ്.

viii. ക്രിസ്തുമസ്സ് പരീക്ഷ സുഗമമായി നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ ഹെഡ്മാസ്റ്റർ ബഹു. വികാരിയച്ചനുമായി ആലോചിച്ച് ചെയ്യേണ്ടതാണ്.

## 3. ഡിപ്ലോമ പരീക്ഷ രജിസ്ട്രേഷൻ (ക്ലാസ്സ് XII) വെബ്സൈറ്റിലൂടെ മാത്രം

ഈ അധ്യായനവർഷത്തെ 12-ാം ക്ലാസിലെ റെഗുലർ കുട്ടികളുടെ ഡിപ്ലോമ രജിസ്ട്രേഷൻ വെബ്സൈറ്റിലൂടെ മാത്രമായിരിക്കും. 12-ാം ക്ലാസിലെ കുട്ടികളുടെ വിവരങ്ങൾ പൂർണ്ണമായി ചേർത്തു കഴിയുമ്പോൾ അവരുടെ രജിസ്ട്രേഷൻ പൂർത്തിയാകും. അത് വെബ്സൈറ്റിലെ റിപ്പോർട്ട് സെക്ഷനിൽ ഡിപ്ലോമ രജിസ്ട്രേഷൻ 2020-2021 എന്ന തലകെട്ടിൽ കാണാവുന്നതാണ്. പ്രസ്തുത കോപ്പിയുടെ പ്രിന്റ് എടുത്ത് വീണ്ടും കുട്ടികളെ കാണിച്ച് തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ വരുത്തേണ്ടതാണ്. പൂർണ്ണമായ വിവരങ്ങൾ വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രമേ രജിസ്ട്രേഷൻ നമ്പർ ലഭിക്കുകയുള്ളൂ. രജിസ്ട്രേഷൻ നടത്താത്ത ആരെയും പരീക്ഷ എഴുതുവാൻ അനുവദിക്കുകയില്ല.

## 4. XII-ാം ക്ലാസ്സ് ഡിപ്ലോമ സേ പരീക്ഷ

XII-ാം ക്ലാസ്സിലെ ഡിപ്ലോമ പരീക്ഷയിൽ തോറ്റവർക്ക് 2021 ൽ നടത്തുന്ന (തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും) പരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്ത് പരീക്ഷ എഴുതാവുന്നതാണ്. സൺഡേ സ്കൂൾ ലെറ്റർപാഡിൽ കുട്ടിയുടെ പേരും വീട്ടുപേരും, പരീക്ഷ എഴുതിയ വർഷം, കഴിഞ്ഞ പരീക്ഷയ്ക്ക്

കിട്ടിയ മാർക്കുകൾ, രജിസ്റ്റർ നമ്പർ എന്നിവ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്).

## 5. ഡിപ്ലോമ : നോൺ റെഗുലർ സ്റ്റുഡൻസ്

വേദപാഠ പഠനം പൂർത്തിയാക്കാതെ ഉന്നത പഠനത്തിനായ് ഇടവകയ്ക്ക് പുറത്ത് പഠിക്കുന്ന കുട്ടികൾ, അവർ പഠിക്കുന്ന ഇടവകയിൽനിന്ന് പഠനം പൂർത്തിയാക്കി എന്ന് സാക്ഷ്യപ്പെടുത്തുന്ന വികാരിയച്ചന്റെയോ ഹെഡ്മാസ്റ്ററിന്റെയോ കത്ത് ഹാജരാക്കിയാൽ അവരെ പരീക്ഷ എഴുതിപ്പിക്കേണ്ടതാണ്. പരീക്ഷയെ സംബന്ധിച്ച് ബഹു. വികാരിയച്ചന്മാർ പൊതുവായ നിർദ്ദേശം പള്ളിയിൽ കൊടുക്കുമല്ലോ. ഇപ്രകാരമുള്ള കുട്ടികളുടെ പേരുവിവരങ്ങൾ ലെറ്റർപാഡിൽ എഴുതി ഹെഡ്മാസ്റ്ററിന്റെ ഒപ്പോടുകൂടി ഓഫീസിലേയ്ക്ക് അയ്ക്കേണ്ടതാണ്. അവരുടെ പേരുകൾ വെബ്സൈറ്റിൽ ചേർക്കേണ്ടതില്ല (ഓഫീസിൽനിന്ന് ചേർക്കുന്നതാണ്) അവർ അസൈൻമെന്റ് എഴുതേണ്ടതാണ്.

## 6. ഡിപ്ലോമ: നവോദയ, സ്പോർട്സ് സ്കൂൾ കുട്ടികൾ

നവോദയ, സ്പോർട്സ് സ്കൂളിൽ പഠിക്കുന്ന, ഈ വർഷം ഡിപ്ലോമ പരീക്ഷ എഴുതേണ്ട കുട്ടികൾ ഓൺലൈൻ ക്ലാസ്സുകളിൽ പങ്കെടുക്കേണ്ടതാണ്. ഈ കുട്ടികളെയും റെഗുലർ സ്റ്റുഡന്റ്സ് ആയി കണക്കാക്കി രജിസ്ട്രേഷൻ നടത്തണം. ഇവർ പരീക്ഷയ്ക്കു മുമ്പായി അസൈൻമെന്റ് എഴുതി ഓഫീസിൽ നൽകേണ്ടതാണ്. (പരീക്ഷയുടെ തീയതി പിന്നീട് അറിയിക്കുന്നതായിരിക്കും)

## 7. ഡിസംബർ മാസത്തിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ

ശാലോം ടിവിയിൽ സംപ്രേഷണം ചെയ്യുന്ന (തിങ്കൾ മുതൽ ശനിവരെ) വിശ്വാസപരിശീലന ക്ലാസ്സുകളുടെ യൂട്യൂബ് ലിങ്ക് ഞായറാഴ്ചകളിൽ വാട്സ് ആപ്പ് ഗ്രൂപ്പിൽ നൽകുന്നത് താഴെ കൊടുത്തിരിക്കുന്ന വിധമായിരിക്കും.

06.12.2020 ഞായർ - അദ്ധ്യായം 12 പാർട്ട് 2
13.12.2020 ഞായർ - അദ്ധ്യായം 13 പാർട്ട് 1
20.12.2020 ഞായർ - അദ്ധ്യായം 13 പാർട്ട് 2
27.12.2020 ഞായർ - അദ്ധ്യായം 13 പാർട്ട് 1

## 8. ക്ലാസ്സ് പി. ടി. എ

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ എല്ലാ മാതാപിതാക്കളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള PTA മീറ്റിംഗ് സാധ്യമല്ലല്ലോ. ഒത്തിരിയേറെ സൺഡേ സ്കൂളുകളിൽ ക്ലാസ്സ് അടിസ്ഥാനത്തിൽ പി.ടി.എ മീറ്റിംഗ് കൂടി കഴിഞ്ഞു. എല്ലാ സൺഡേ സ്കൂളുകളിലും ക്ലാസ്സടിസ്ഥാനത്തിൽ പി.ടി.എ



മീറ്റിംഗ് കൂടുന്നത് (Zoom, Google Meet etc.) വളരെ നല്ലതാണ്. സാധിക്കുമെങ്കിൽ പള്ളിയിൽ വച്ചുതന്നെ ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് ക്ലാസ്സടിസ്ഥാനത്തിൽ മീറ്റിംഗ് കൂടാൻ ശ്രമിക്കുമല്ലോ. ബഹു. ഹെഡ്മാസ്റ്റർ എല്ലാ ക്ലാസ്സുകളുടെയും പി.ടി.എ മീറ്റിംഗിൽ പങ്കെടുക്കേണ്ടതാണ്.

## 9. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ

ഈ വർഷത്തെ വിശ്വാസപരിശീലന ക്ലാസ്സുകൾ ഓൺലൈൻ വഴി ഭംഗിയായി ക്രമീകരിക്കാൻ വിശ്വാസപരിശീലന കേന്ദ്രം പരിശ്രമിക്കുന്നുണ്ട്. ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് വലിയ സാമ്പത്തിക ചിലവുണ്ടെന്ന് എല്ലാവർക്കും അറിവുള്ളതാണല്ലോ. ഒരു കുട്ടിയുടെ പക്കൽ നിന്നും **20 രൂപ** (സ്റ്റുഡന്റസ് ഫണ്ട് + ചോദ്യപേപ്പർ) പരമാവധി നേരത്തെ തന്നെ collect ചെയ്യുമല്ലോ. ഒപ്പംതന്നെ ഓഫീസിൽ അടയ്ക്കേണ്ട മറ്റു തുകകളും (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ etc...) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു.

## 10. വിവിധ ഫോമുകൾ

ഉപപാഠപുസ്തകവിതരണ ദിവസം നല്കിയ സർവ്വേ ഫോമും, ഡിപ്ലോമ രജിസ്ട്രേഷൻ ഫോമും കൃത്യമായി പൂരിപ്പിച്ച് ഡിസംബർ 31-നുള്ളിൽ ഓഫീസിൽ കിട്ടത്തക്കവിധം അയക്കേണ്ടതാണ്.

## 11. റെഗുലർ സൺഡേ ക്ലാസ്സുകൾ

എല്ലാ കുട്ടികളെയും ഉൾകൊള്ളിച്ചുകൊണ്ടുള്ള റെഗുലർ സൺഡേ ക്ലാസ്സുകൾ ഇപ്പോഴത്തെ സാഹചര്യത്തിൽ പ്രായോഗികമല്ല എന്ന് നമുക്കറിയാം. എങ്കിലും ഗവൺമെന്റിന്റെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് മുതിർന്ന ക്ലാസ്സുകളിലെ കുട്ടികളെ ദൈവാലയത്തിൽ ഒരുമിച്ച് ചേർക്കാൻ പരിശ്രമിക്കണേ... വി. ബലിയിൽ പങ്കെടുക്കാനും കുമ്പസാരിക്കുവാനുമുള്ള സൗകര്യം ഒരുക്കി കൊടുക്കുമല്ലോ.

## 12. രാജത്വതിരുന്നാൾ ആഘോഷങ്ങൾ - അഭിനന്ദനങ്ങൾ

മിശിഹായുടെ രാജത്വതിരുന്നാൾ സമുചിതമായി ആഘോഷിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. രാജത്വതിരുന്നാൾ ദിനത്തിൽ ശാലോമിൽ വിശ്വാസപരിശീലന ക്ലാസ്സ് എടുക്കുന്ന അധ്യാപകരുമായി കുട്ടികൾക്ക് സംവദിക്കാൻ അവസരമൊരുക്കിയ തോമാപുരം ഇടവകയിലെ ബഹു. വികാരിയച്ചനെയും കൊച്ചച്ചനെയും പ്രധാനാധ്യാപകനെയും വിശ്വാസപരിശീലകരെയും പ്രത്യേകം അഭിനന്ദിക്കുന്നു.

## 13. വിശ്വാസപരിശീലകരുടെ Zoom കോൺഫറൻസ്

അതിരൂപതയിലെ വിശ്വാസപരിശീലകരോട് Zoom കോൺഫറൻസ് വഴി സംവദിക്കുവാൻ അഭിവന്ദ്യ പിതാക്കന്മാർ ആഗ്രഹിക്കുന്നു. കോവിഡ് കാലഘട്ടത്തിൽ നടത്തിയ വിശ്വാസപരിശീലന പ്രവർത്തനങ്ങളെപ്പറ്റി അറിയുവാനും വേണ്ട നിർദ്ദേശങ്ങൾ നല്കുവാനുമാണ് മീറ്റിംങ്ങ് സംഘടിപ്പിക്കുന്നത്. 6 Zoom മീറ്റിംങ്ങ് ആയിരിക്കും ഉണ്ടാവുക. ഡിസംബർ മാസത്തിൽ സംഘടിപ്പിക്കുന്ന മീറ്റിംങ്ങ് സംബന്ധമായ വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## 14. ഉപപാഠപുസ്തക വിതരണം - നന്ദി

നവംബർ 23 മുതൽ 27 വരെയുള്ള തീയതികളിലായി നടത്തിയ ഉപപാഠ പുസ്തകവിതരണത്തിൽ സഹകരിച്ച എല്ലാ ബഹു. വികാരിയച്ചൻമാർക്കും കൊച്ചച്ചൻമാർക്കും പ്രധാനാധ്യാപകർക്കും നന്ദി.

## 15. ദിയാക്കോണിയ

ഡിസംബർ-ജനുവരി മാസങ്ങളിൽ വീടുകളിൽ കുട്ടികൾ ചെയ്യേണ്ട ദിയാകോണിയ കർമ്മപദ്ധതികൾ താഴെകൊടുക്കുന്നു.

1) **ഗ്രീൻ മാസ്റ്റർ :** കുട്ടിക്കർഷകനെ ആദരിക്കുന്നു.

2) **ഗ്രീൻ മിസ്ട്രസ് :** കുട്ടിക്കർഷകയെ ആദരിക്കുന്നു.

## 16. ആദരാഞ്ജലികൾ

വിശ്വാസപരിശീലനകേന്ദ്രം പേരാവൂർ ഫൊറോനാ പ്രസിഡന്റും പേരാവൂർ ഇടവക ഹെഡ്മാസ്റ്ററും ആയ ജോൺസൻ പൊട്ടക്കൽ സാറിന്റെ അമ്മ ഏലിക്കുട്ടി ജോസഫ് നിര്യാതയായി. ജോൺസൻ സാറിനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപത വിശ്വാസപരിശീലന കേന്ദ്രത്തിലെ എല്ലാവരുടെയും പ്രാർത്ഥനയും അനുശോചനം അറിയിക്കുന്നു.

## 17. ഡയറക്ടറച്ചൻമാരുടെ സന്ദർശനം

മതാധ്യാപകരുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയോയുടെ തിരുന്നാൾ ദിനത്തിൽ ഡയറക്ടറച്ചൻ ചരൾ ഇടവകയിലും അസി. ഡയറക്ടറച്ചൻ പാത്തൻപാറ ഇടവകയിലും സന്ദർശനം നടത്തി.

സ്നേഹത്തോടെ,

**ഫാ. ജോസഫ് വേങ്ങക്കുന്നേൽ** — അസി. ഡയറക്ടർ

**ഫാ. ജേക്കബ് വെണ്ണായപ്പിള്ളിൽ** — ഡയറക്ടർ, 9447952958